# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 920 — 10/02/2016-ൽ മറുപടിക്ക്

## തെങ്ങ്, കമുങ്ങ് കയറ്റതൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി) |
| (എ) തെങ്ങ്, കമുങ്ങ് കയറ്റ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളായി അംഗീകരിച്ച് തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ബി) ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടോ; ക്ഷേമനിധി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; അപകടത്തിൽപ്പെടുന്നവർക്കുള്ള ചികിത്സാ ധനസഹായവും മരണാനന്തര സഹായവും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | **(എ & ബി)**<br><br>മരം കയറ്റ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്കും മരം കയറ്റ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്കും കേരള മരം കയറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. 28/11/2014 ലെ സ.ഉ (എം.എസ്) 150/2014/തൊഴിൽ, പ്രകാരം പ്രസ്തുത ധനസഹായം യഥാക്രമം 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) 50,000/-രൂപ (അൻപതിനായിരം രൂപ മാത്രം) എന്നീ നിരക്കിൽ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഇതിനു പുറമെ തൊഴിലിനിടയിൽ വീണ് ജോലി ചെയ്യാൻ കഴിയാത്ത വിധം പരിക്ക് പറ്റുന്ന തൊഴിലാളിക്കും മരത്തിൽ നിന്നും വീണ് മരണപ്പെടുന്ന തൊഴിലാളിയുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിന് 2012-ലെ 'കേരള മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി' എന്ന പേരിൽ ഒരു പെൻഷൻ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തെങ്ങ്, കമുങ്ങ് കയറ്റ തൊഴിലാളിക്ക് മറ്റ് ആനുകൂല്യങ്ങൾ നൽകുന്നത്, പ്രത്യേക ക്ഷേമനിധി രൂപീകരിക്കുന്നത് എന്നിവ സംബന്ധിച്ച വിഷയങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ